# പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 സെപ്റ്റംബർ 11, തിങ്കൾ

**നമ്പർ 117**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

അംഗത്തിന്റെ സത്യപ്രതിജ്ഞ :

98-പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ചാണ്ടി ഉമ്മൻ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്ത് അംഗത്വ രജിസ്റ്ററിലും പ്രതിജ്ഞാ ഫോറത്തിലും ഒപ്പുവച്ചു.

അടിയന്തരപ്രമേയം :

സോളാർ കേസിൽ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ കുടുക്കാൻ ഉന്നതതല ഗൂഢാലോചന നടന്നതായി പറയപ്പെടുന്ന കോടതി അംഗീകരിച്ച സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി പറമ്പിലും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രമേയം ചർച്ചയ്ക്കെടുക്കാൻ മുഖ്യമന്ത്രി സന്നദ്ധത അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം ഉച്ചയ്ക്കുശേഷം ഒരു മണിയ്ക്ക് ചർച്ച ചെയ്യാവുന്നതാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം സമാഹരിച്ച് ജീവനക്കാർക്ക് കൃത്യമായി ശമ്പള വിതരണം നടത്തുന്നതിനും ദേവസ്വം ഭരണം കാലാനുസൃതമായി പരിഷ്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. ഐ. മധുസൂദനൻ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) മാവൂർ ഗ്വാളിയാർ റയോൺസിന്റെ ഭൂമി സർക്കാർ നിയമപരമായി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി കെ. കെ. രമ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

i) സബ്ജക്ട് കമ്മിറ്റി II - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 2023 - ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ, 2023 - ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ എന്നിവ സഭയിൽ സമർപ്പിച്ചു.

ii) സബ്ജക്ട് കമ്മിറ്റി VII - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചു.

iii) സബ്ജക്ട് കമ്മിറ്റി VIII - ന്റെ 2023 - ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

iv) സബ്ജക്ട് കമ്മിറ്റി X - ന്റെ 2022 ഏപ്രൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചു.

v) സബ്ജക്ട് കമ്മിറ്റി XII - ന്റെ 2023 - ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

vi) സബ്ജക്ട് കമ്മിറ്റി XIII - ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സഭയിൽ സമർപ്പിച്ചു.

vii) സബ്ജക്ട് കമ്മിറ്റി XIV - ന്റെ 2023 - ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

viii) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും, എട്ടും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

ധനകാര്യം :

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള II, IV, XVIII, XXVII, XXXVII, XLII എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. നന്ദകുമാർ

ഡോ. എൻ. ജയരാജ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

ശ്രീ. എം. വിജിൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. പി. കെ. ബഷീർ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. പി. ചിത്തരഞ്ജൻ.

<u>അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച</u> :

"സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന പ്രമേയം ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ചു സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ഡോ. കെ. ടി. ജലീൽ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. രമ

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. എം. നൗഷാദ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷനേതാവ്.

ചട്ടം 288 പ്രകാരമുള്ള വിശദീകരണം :

അടിയന്തരപ്രമേയ ചർച്ചയിൽ ഉയർന്ന പരാമർശങ്ങളിന്മേലുള്ള തന്റെ വ്യക്തിപരമായ വിശദീകരണം ശ്രീ. ഗണേഷ് കുമാർ സഭയെ അറിയിച്ചു.

അടിയന്തരപ്രമേയ ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി നൽകി.

പ്രമേയം സഭ തള്ളി.

<u>ധനകാര്യം (തുടർച്ച):</u>

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ചർച്ച തുടർന്നു.

താഴെപ്പറയുന്ന അംഗം ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. റോജി എം. ജോൺ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ എന്നിവർ മറുപടി നൽകി.

(സർക്കാർ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

തുടർന്ന് II, IV, XVIII, XXVII, XXXVII, XLII എന്നീ ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കി.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

1) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി. വീണാ ജോർജ്ജ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

രണ്ടാം വകുപ്പ്

i) ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "സെക്യൂരിറ്റി ഗാർഡുകൾ" എന്നതിന് പകരം "സുരക്ഷാ ജീവനക്കാർ" എന്ന് ചേർക്കുക.

ii) ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "മാനേജീരിയൽ സ്റ്റാഫ്," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മിനിസ്റ്റീരിയൽ സ്റ്റാഫ്," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

മൂന്നാം വകുപ്പ്

i) ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "(ഇ) ഇനത്തിൽ" എന്ന വാക്കിനും ചിഹ്നത്തിനും പകരം "(1)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ" എന്ന അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

ii) ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ,"ആണെങ്കിൽ" എന്നതിന് ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

iii) ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(ii)-ൽ, "വിധേയനാക്കുകയാണെങ്കിൽ" എന്നതിനു ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

അഞ്ചാം വകുപ്പ്

ബില്ലിലെ ഖണ്ഡം 5 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 7- ാം വകുപ്പിന്റെ (2) - ാം ഉപവകുപ്പിലെ

i) (സി) ഇനത്തിൽ "അലാറം സിസ്റ്റംസ്" എന്നതിന് പകരം "അലാറം സംവിധാനങ്ങൾ" എന്ന് ചേർക്കുക.

ii) (ഇ) ഇനത്തിൽ "ഡോക്ടർമാർ, ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ" എന്നതിന് പകരം "ആരോഗ്യരക്ഷാ സ്ഥാപനവുമായി ബന്ധപ്പെട്ട ആരോഗ്യരക്ഷാ സേവന പ്രവർത്തകർ" എന്ന് ചേർക്കുക.

2) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022 - ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

In section 2(ac) proposed to be inserted in the principal Act by Clause 2(ii), for the figure "4'' the figure and symbol "4(1)" shall be substituted.

<u>മൂന്നാം വകുപ്പ്</u>

i) In section 3A(1) proposed to be inserted in the principal Act by Clause 3 after the words "State Government" the words "as authority" shall be inserted.

ii) In the second proviso to section 3A(2) of the principal Act, proposed to be inserted by Clause 3 for the words "if the applicant satisfies the authority that he" the words "if the authority is satisfied that the applicant " shall be substituted.

3) <u>2023 - ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ</u>

മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023 - ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീമതി. യു. പ്രതിഭ അവതരിപ്പിച്ച് സംസാരിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് താഴെപ്പറയുന്ന ഭേദഗതികളോടെ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

നിലവിലുള്ള ഖണ്ഡം 2-ന് മുൻപായി താഴെപ്പറയുന്നത് ഖണ്ഡം 2 ആയി ചേർക്കുകയും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

"2. <u>ദീർഘശീർഷകത്തിന്റെ ഭേദഗതി</u>.— 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7 - ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിന് പകരം താഴെപ്പറയുന്ന ദീർഘശീർഷകം ചേർക്കേണ്ടതാണ്, അതായത്:-

"കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും,

അവരുടെ ഉരുക്കൾക്കുള്ള തീറ്റ,ഔഷധം എന്നിവയുടെ വിതരണത്തിന വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ് ”.”

മൂന്നാം വകുപ്പ്

പുനരക്കം ചെയ്ത 3 - ാം ഖണ്ഡത്തിൽ "2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007 - ലെ 7 - ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)” എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "പ്രധാന ആക്റ്റിന്റെ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

നാലാം വകുപ്പ്

പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ "500” എന്നതിന് പകരം “അഞ്ഞൂറ്" എന്ന് ചേർക്കുക.

അഞ്ചാം വകുപ്പ്

ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ “സ്വകാര്യ/സഹകരണ ഡയറി ഉടമകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "സ്വകാര്യ ഡയറി ഉടമകളും സഹകരണ ഡയറി സ്ഥാപനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ആറാം വകുപ്പ്

i) പുനരക്കം ചെയ്ത ഖണ്ഡം 6(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ക്ഷേമനിധിയിലേക്ക്” എന്നതിന് പകരം "ബോർഡിലേക്ക്” എന്ന് ചേർക്കുക.

ii) ഖണ്ഡം 5 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ “തള്ളിക്കളയുന്ന" എന്നതിന് പകരം "തള്ളിക്കളയുവാൻ തീരുമാനമെടുക്കുന്ന” എന്ന് ചേർക്കുക.

iii) ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയാൻ" എന്നതിനു ശേഷം “ ബോർഡ്” എന്ന് ചേർക്കുക.

iv) ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ “ഏഴ്” എന്നതിനു പകരം "പതിനാല് " എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ൽ "ഓരോ സംഘവും" എന്നതിനു ശേഷമുള്ള "," ചിഹ്നം ഒഴിവാക്കുക.

<u>എട്ടാം വകുപ്പ്</u>

ഖണ്ഡം 7 പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 8(3)(ജെ)-ൽ "കർഷക" എന്നതിന് പകരം "ക്ഷീരകർഷക" എന്ന് ചേർക്കുക.

2023 സെപ്റ്റംബർ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 6.04 - ന് സഭ പിരിഞ്ഞു.

**എ. എം. ബഷീർ,**
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Ninth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, September 11, 2023*

**No. 117**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions :*

Four Questions in the list of Questions posted for the day were answered orally.

*Oath by the Member :*

Shri Chandy Oommen, elected in the bye-election from the Puthupally - 98 constituency made oath as Member of the Legislative Assembly and signed in the form of oath and Roll of Members.

*Adjournment Motion:*

The Speaker informed the House that Shri Shafi Prambil and five other Members had given a notice for moving an adjournment motion regarding the situation reported to have arisen consequent to the findings in the CBI's enquiry report in the court that there is an alleged high-level conspiracy to trap former Chief Minister Oommen Chandy in the solar case. As the Chief Minister expressed his willingness to discuss the motion, the Speaker granted permission to move the adjournment motion and announced that the motion would be taken up at 1.00 p.m.

*Calling Attention :*

1) Shri T. I. Madhusoodanan called the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms & Parliamentary Affairs to the necessity of timely disbursement of salary to the employees of Malabar Devaswom Board by collecting the income from the temples under the Board and for the betterment of Devaswom administration by reforming Devaswom rules. The Minister made a statement thereto.

KNPP.1001/2023(ii).

2) Smt. K. K. Rema called the attention of the Minister for Law, Industries and Coir to the necessity to take steps to legally acquire the land of Mavoor Gwalior Rayons. The Minister made a statement thereto.

*Presentation of Reports :*

1) The Periodical Report from 1st April 2022 to 31st March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 and Reports of the Subject Committee on the Kerala Conservation of Paddy Land and Wetland(Amendment) Bill, 2023, the Kerala Government Land Assignment (Amendment) Bill, 2023 and the Kerala Building Tax (Amendment) Bill, 2023 of the Subject Committee II were presented.

2) The Periodical Report from 1st April 2022 to 31st March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 of the Subject Committee VII were presented.

3) The Report of the Subject Committee VIII on the Indian Partnership (Kerala Amendment) Bill, 2023 was presented.

4) The Periodical Report from 1st April 2022 to 31st March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 of the Subject Committee X were presented.

5) The Report of Subject Committee XII on the Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Bill, 2023 was presented.

6) The Periodical Report from 1st April 2022 to 31st March 2023 and the Report on the action taken on the Second report of the Committee regarding the scrutiny of demands for grants for the year 2022-2023 of the Subject Committee XIII were presented.

7) The Report of Subject Committee XIV on the Kerala Public Service Commission (Additional Functions as respects certain Corporations and Companies) Second Amendment Bill, 2023 was presented.

8) The Seventh and Eighth Reports of the Committee on the Welfare of Non-Resident Keralites was presented.

*Financial Business :*

Discussion and Voting on Supplementary Demands for Grants in the Budget for the Financial Year 2023-2024

Motions for the Final Supplementary Demands for Grants in the Budget for the Financial Year 2023-2024 in respect of the Demands II, IV, XVIII, XXVII, XXXVII and XLII were moved by the respective Ministers.

The following Members took part in the discussion:

Shri Kadakampally Surendran

Shri P. C. Vishnunadh

Shri Muhammed Muhassin

Shri Manjalamkuzhi Ali

Shri P. Nandakumar

Dr. N. Jayaraj

Shri Mons Joseph

Shri K. N. Unnikrishnan

Shri M. Vijin

Dr. Mathew Kuzhalnadan

Smt. Santhakumari K.

Shri K. M. Sachindev

Shri Ramachandran Kadannappalli

Shri P. K. Basheer

Shri E. K. Vijayan

Shri P. P. Chitharanjan.

*Discussion on Adjournment motion:*

Shri Shafi Parambil moved the following motion and spoke:

"The House do now adjourn."

The following Members took part in the discussion:

Dr. K. T. Jaleel

Shri Sunny Joseph

Shri P. Balachandran

Shri N. Samsudheen

Shri P. P. Chitharanjan

Shri Sebastian Kulathunkal

Smt. K. K. Rema

Shri Thomas K. Thomas

Shri M. Noushad

Shri K. V. Sumesh

Shri V. D. Satheesan, Leader of Opposition.

*Explanation as per Rule 288 :*

Shri K. B. Ganesh Kumar gave his personal explanation on the remarks raised during the adjournment motion debate in the House.

Shri Pinarayi Viyajan, Chief Minister replied to the points raised during discussion.

The motion moved was declared lost.

*Financial Business (continuation):*

Discussion and Voting on Supplementary Demands for Grants in the Budget for the Financial Year 2023-2024 continued.

*The following Member took part in the discussion:*

Shri Roji M. John

Shri P. Rajeeve, Minister for Law, Industries and Coir, Shri Pinarayi Vijayan, Chief Minister and Shri K. N. Balagopal, Minister for Finance replied to the points raised during the discussion.

(In protest against the reply of the Government, the Members belonging to opposition boycotted rest of the proceedings.)

Then the Supplementary demands in Demand Numbers II, IV, XVIII, XXVII, XXXVII and XLII were passed by the House.

<u>Legislative Business</u> :

Motion for Consideration and further stages of the following Bills as reported by the Subject Committee :

1) <u>The Kerala Healthcare service Persons and the Healthcare Service Institutions (Prevention of Violence and Damage to Property) Amendment Bill, 2023</u>

Smt. Veena George, Minister for Health and Woman and Child Development moved the motion that The Kerala Healthcare service Persons and the Healthcare Service Institutions (Prevention of Violence and Damage to Property) Amendment Bill, 2023 as reported by the Subject Committee be taken up for consideration. Shri Mathew T. Thomas moved an amendment to circulate the Bill for obtaining public opinion and spoke. After discussion and reply of the Minister the amendment moved was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and passed by the House unanimously with the following amendment.

<u>Clause 2</u>

i) ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "സെക്യൂരിറ്റി ഗാർഡുകൾ" എന്നതിന് പകരം "സുരക്ഷാ ജീവനക്കാർ" എന്ന് ചേർക്കുക.

ii) ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "മാനേജീരിയൽ സ്റ്റാഫ്," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മിനിസ്റ്റീരിയൽ സ്റ്റാഫ്," എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

Clause 3

i) ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ "(ഇ) ഇനത്തിൽ" എന്ന വാക്കിനും ചിഹ്നത്തിനും പകരം "(1)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ" എന്ന അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

ii) ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ, "ആണെങ്കിൽ" എന്നതിന് ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

iii) ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(ii)-ൽ, "വിധേയനാക്കുകയാണെങ്കിൽ" എന്നതിനു ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

Clause 5

ബില്ലിലെ ഖണ്ഡം 5 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 7-ാം വകുപ്പിന്റെ (2) - ാം ഉപവകുപ്പിലെ

i) (സി) ഇനത്തിൽ "അലാറം സിസ്റ്റംസ്" എന്നതിന് പകരം "അലാറം സംവിധാനങ്ങൾ" എന്ന് ചേർക്കുക.

ii) (ഇ) ഇനത്തിൽ "ഡോക്ടർമാർ, ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ" എന്നതിന് പകരം "ആരോഗ്യരക്ഷാ സ്ഥാപനവുമായി ബന്ധപ്പെട്ട ആരോഗ്യരക്ഷാ സേവന പ്രവർത്തകർ" എന്ന് ചേർക്കുക.

2) The Kerala Motor Transport Workers' Payment of Fair Wages (Amendment) Bill, 2022

Shri V. Sivankutty, Minister for General Education and Labour moved the motion that The Kerala Motor Transport Workers' Payment of Fair Wages (Amendment) Bill, 2022 as reported by the Subject Committee be taken up for consideration. Shri K. U. Jenish Kumar moved an amendment to circulate the Bill for obtaining public opinion and spoke. Shri K. P. Mohanan moved another amendment to recommit the Bill to the same Subject Committee and spoke. After discussion and reply of the Minister the amendments moved were withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and passed by the House unanimously with the following amendments.

Clause 2

In section 2(ac) proposed to be inserted in the principal Act by Clause 2(ii), for the figure “4’’ the figure and symbol “4(1)” shall be substituted.

Clause 3

i) In section 3A(1) proposed to be inserted in the principal Act by Clause 3 after the words “State Government” the words “as authority” shall be inserted.

ii) In the second proviso to section 3A(2) of the principal Act, proposed to be inserted by Clause 3 for the words “if the applicant satisfies the authority that he” the words “if the authority is satisfied that the applicant ” shall be substituted.

3) The Kerala Dairy Farmers' Welfare Fund (Amendment) Bill, 2023

Smt. J. Chinchurani, Minister for Animal Husbandry and Dairy Development moved the motion that The Kerala Dairy Farmers' Welfare Fund (Amendment) Bill, 2023 as reported by the Subject Committee be taken up for consideration. Smt. U. Prathibha moved an amendment to recommit the Bill to the same Subject Committee and spoke. After discussion and reply of the Minister, the amendment moved was withdrawn by the leave of the House. Then the Bill as reported by the Subject Committee was taken into consideration and passed by the House unanimously with the following amendments.

രണ്ടാം വകുപ്പ്

നിലവിലുള്ള ഖണ്ഡം 2-ന് മുൻപായി താഴെപ്പറയുന്നത് ഖണ്ഡം 2 ആയി ചേർക്കുകയും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

"2. ദീർഘശീർഷകത്തിന്റെ ഭേദഗതി.– 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശീർഷകത്തിന് പകരം താഴെപ്പറയുന്ന ദീർഘശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും,

അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണത്തിനു വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ് ". "

മൂന്നാം വകുപ്പ്

പുനരക്കം ചെയ്ത 3 - ാം ഖണ്ഡത്തിൽ "2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007 - ലെ 7 - ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക)" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "പ്രധാന ആക്റ്റിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

നാലാം വകുപ്പ്

പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ "500" എന്നതിന് പകരം "അഞ്ഞൂറ്" എന്ന് ചേർക്കുക.

അഞ്ചാം വകുപ്പ്

ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ "സ്വകാര്യ/സഹകരണ ഡയറി ഉടമകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "സ്വകാര്യ ഡയറി ഉടമകളും സഹകരണ ഡയറി സ്ഥാപനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ആറാം വകുപ്പ്

i) പുനരക്കം ചെയ്ത ഖണ്ഡം 6(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ക്ഷേമനിധിയിലേക്ക്" എന്നതിന് പകരം "ബോർഡിലേക്ക്" എന്ന് ചേർക്കുക.

ii) ഖണ്ഡം 5 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയുന്ന" എന്നതിന് പകരം "തള്ളിക്കളയുവാൻ തീരുമാനമെടുക്കുന്ന" എന്ന് ചേർക്കുക.

iii) ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയാൻ" എന്നതിനു ശേഷം "ബോർഡ്" എന്ന് ചേർക്കുക.

iv) ഖണ്ഡം 5(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ഏഴ്" എന്നതിനു പകരം "പതിനാല് " എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ൽ "ഓരോ സംഘവും" എന്നതിനു ശേഷമുള്ള "," ചിഹ്നം ഒഴിവാക്കുക.

<u>എട്ടാം വകുപ്പ്</u>

ഖണ്ഡം 7 പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 8(3) (ജെ)-ൽ "കർഷക" എന്നതിന് പകരം "ക്ഷീരകർഷക" എന്ന് ചേർക്കുക.

The House adjourned at 06.04 p.m. to meet again at 9.00 a.m. on Tuesday, September 12, 2023.

A. M. BASHEER,
*Secretary.*